ഉത്തരം

(എ) വെട്ടിനിരത്തൽ സംബന്ധിച്ച് ചില വാർത്താമാദ്ധ്യമങ്ങളുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)–(എഫ്) കൃഷി നാശത്തിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

ആത്മഹത്യ ചെയ്ത കർഷക കുടുംബങ്ങൾക്ക് കേന്ദ്രസഹായം

120 [423] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടക്കെണിമൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങളെ സഹായിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തു തുകയുടെ ധനസഹായമാണ് അനുവദിച്ചത്;

(ബി) പ്രസ്തുത തുക ആത്മഹത്യ ചെയ്ത കർഷക കുടുംബങ്ങൾക്ക് നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ എന്തു തുക വീതം ഇവർക്ക് നൽകിയിട്ടുണ്ടെന്നു പറയാമോ?

ഉത്തരം

(എ) കടക്കെണിമൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങളെ സഹായിക്കുന്നതിനായി പ്രത്യേക കേന്ദ്ര സഹായമൊന്നും ലഭിച്ചിട്ടില്ല.

(ബി) & (സി) ചോദ്യം ഉദിക്കുന്നില്ല.

ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് ധനസഹായം

121 [424] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലത്തകർച്ചയും കടക്കെണിയുംമൂലം ആത്മഹത്യ ചെയ്ത കർഷകരുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) 2005 ജനുവരിക്കുശേഷം എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്;

(സി) ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) 218 കർഷകർ ആത്മഹത്യ ചെയ്തതായ സർക്കാർ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly